**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5650** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനായി ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡി.ഡബ്ല്യ.എം.എസ്) മുഖേന താഴെപ്പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ലക്ഷ്യമിടുന്നു.<br><br>1. റിമോട്ട്ജോബ്സ് & റിമോട്ട് സ്കിൽ ട്രെയിനിങ്<br><br>2. വർക്ക് നിയർ ഹോം മോഡൽ<br><br>3. കരിയർ ബ്രേക്ക് വനിതകൾക്കുള്ള പ്രോഗ്രാമുകൾ<br><br>4. ഭിന്ന ശേഷിക്കാർക്കുള്ള പ്രോഗ്രാമുകൾ<br><br>5. സ്കിൽ ട്രെയിനിങ് പ്രോഗ്രാമുകൾ<br><br>**1. റിമോട്ട് ജോബ്സ് & റിമോട്ട് സ്കിൽ ട്രെയിനിങ്-** കോവിഡാനന്തര കാലഘട്ടത്തിൽ റിമോട്ട് ജോബ്സിനുള്ള വർദ്ധിച്ചുവരുന്ന സാധ്യത കണക്കിൽ എടുത്ത് ഇത്തരം ജോബുകളെ കുറിച്ചുള്ള വിവരങ്ങൾ അഭ്യസ്തവിദ്യരിലേക്ക് എത്തിക്കുകയും അതുവഴി കൂടുതൽ പേരെ റിമോട്ട്ജോബുകളിലേക്ക് ആകർഷിക്കുവാനും അത്തരം തൊഴിലവസരങ്ങളിലേക്ക് എത്തിക്കുവാനും വേണ്ടി ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ, റിമോട്ട് ജോബുകളെയും അത്തരം തൊഴിലുകളിലേക്ക് എത്തിച്ചേരുന്നതിന് ആവശ്യമായ റിമോട്ട് സ്കിൽ ട്രെയിനിങ്ങുകളെയും ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**2. വർക്ക് നിയർ ഹോം-** കാലാനുസൃതമായി തൊഴിലിടങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങൾ ഏറെ വലുതാണ്. എത്രദൂരെ സ്ഥലങ്ങളിലുള്ള ജോലികൾ പോലും സ്വന്തം വീട്ടിൽ ഇരുന്നുകൊണ്ട് ചെയ്യാൻ ആവശ്യമായ ഒരു സാഹചര്യം ഇന്ന് ഏറെ ഉയർന്നു |

| | | | |
|---|---|---|---|
| | | | വന്നിട്ടുണ്ട്. ഈ വസ്തുതയെ കണക്കിലെടുത്തു കൊണ്ട് വർക്ക് നിയർ ഹോം മോഡലിന് തുടക്കം കുറിച്ചിരിക്കുന്നു. ഇതിനുവേണ്ടി പുതിയ വർക്ക് നിയർ ഹോം സെന്ററുകൾ സർക്കാർ സൃഷ്ടിക്കും. ഇത്തരം വർക്ക് നിയർ ഹോം സെന്ററുകൾ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന ബന്ധിപ്പിക്കും. റിമോട്ട് ജോബിൽ ഏർപ്പെട്ടുന്നവർക്ക് ഡി.ഡബ്ല്യൂ.എം.എസ് മുഖാന്തരം ഇത്തരം ഫെസിലിറ്റികളെക്കുറിച്ച് അറിയുവാനും അത്തരം ഫെസിലിറ്റികൾ ഉപയോഗപ്പെടുത്തുവാനും സാധിക്കും. ഇത്തരം വർക്ക് നിയർ ഹോം സെന്ററുകൾ മുഖാന്തിരം കൂടുതൽ അഭ്യസ്തവിദ്യരെ പ്രധാനമായും, വനിതകളെ കൂടുതൽ തൊഴിൽ മേഖലകളിലേക്ക് സജ്ജമാക്കുവാനും എത്തിക്കുവാനും സഹായിക്കുന്നു.<br><br>**<u>3. കരിയർ ബ്രേക്ക് വനിതകൾക്കുള്ള പ്രോഗ്രാമുകൾ</u>-** തൊഴിലിടങ്ങളിലേക്കുള്ള വനിതാ പ്രതിനിധ്യം ഉയർത്തുന്നതിനായി കരിയർ ബ്രേക്ക് വനിതകൾക്കു വേണ്ടിയുള്ള പ്രത്യേക പരിശീലന പരിപാടികളും (സോഫ്റ്റ്സ്കിൽ ട്രെയിനിങ്ങുകളും വൊക്കേഷണൽ സ്കിൽ ട്രെയിനിങ്ങുകളും) പ്രത്യേക തൊഴിൽ മേളകളും ഡി.ഡബ്ല്യൂ. എം.എസ് മുഖാന്തിരം സജ്ജമാക്കുന്നു.<br><br>**<u>4. ഭിന്നശേഷിക്കാർക്കുള്ള പ്രോഗ്രാമുകൾ</u>-** മെച്ചപ്പെട്ട ജീവിത സാഹചര്യം എല്ലാവർക്കും ഉറപ്പുവരുത്തുന്നതിനും സോഷ്യൽ ഇൻക്ലൂസീവ്നെസ്സിന്റെ ഭാഗമായും ഭിന്നശേഷിക്കാർക്ക് അവരവരുടെ വിദ്യാഭ്യാസയോഗ്യതയും, ശാരീരിക മാനസിക പ്രതിസന്ധികളെയും കണക്കിലെടുത്തുകൊണ്ട് പ്രത്യേക നൈപുണിക പ്രോഗ്രാമുകൾ ഡി.ഡബ്ല്യ.എം.എസ് മുഖേന ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**<u>5. സ്കിൽ ട്രെയിനിങ് പ്രോഗ്രാമുകൾ</u>-** വൈജ്ഞാനിക സമൂഹത്തെ വാർത്തെടുക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിലെ വിവിധ തൊഴിലവസരങ്ങളെ കണക്കിലെടുത്ത് ഇൻഡസ്ട്രി പ്രാധാന്യമുള്ള ഒട്ടനവധി സവിശേഷ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ ഡി.ഡബ്ല്യൂ.എം.എസ് മുഖാന്തിരം അഭ്യസ്തവിദ്യരിലേക്ക് എത്തിക്കുന്നു. |
| (ബി) | പ്രസ്തുത സിസ്റ്റം മുഖേന എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നതെന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാനായി എന്നും വ്യക്തമാക്കുമോ? | (ബി) | ഡി.ഡബ്ല്യൂ.എം.എസ് മുഖേന 20 ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. കെ.ഡിസ്കും പാർട്ണർമാരും ചേർന്ന് 33,285 തൊഴിലവസരങ്ങൾ നൽകിയിട്ടുണ്ട്. നാളിതുവരെ DWMSലൂടെ മാത്രം 12,813 തൊഴിലുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ